**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2682** **06-10-2025 - ൽ മറുപടിയ്ക്ക്**

**ഖാദി സ്ഥാപനങ്ങൾക്ക് സർക്കാർ കുടിശ്ശിക വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. വിൻസെന്റ്** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ചില്ലറ വില്പനയിൽ ഉപഭോക്താക്കൾക്ക് നൽകിയ റിബേറ്റ് ഇനത്തിൽ കേരളത്തിലെ ഖാദി സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ എത്ര രൂപ കുടിശ്ശിക വിതരണം ചെയ്യാൻ ഉണ്ടെന്നും പ്രസ്തുത കുടിശ്ശിക വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്നും വിശദമാക്കാമോ; | (എ) | ചില്ലറ വില്പനയിൽ ഉപഭോക്താക്കൾക്ക് നൽകിയ റിബേറ്റ് ഇനത്തിൽ കേരളത്തിലെ ഖാദി സ്ഥാപനങ്ങൾക്ക് 21,36,54,523/- (ഇരുപത്തിയൊന്ന് കോടി മുപ്പത്തി ആറ് ലക്ഷത്തി അൻപത്തിനാലായിരത്തി അഞ്ഞൂറ്റി ഇരുപ്പത്തി മൂന്ന് രൂപ മാത്രം) കുടിശ്ശികയുണ്ട്. 2025-26 സാമ്പത്തിക വർഷം ഖാദി ഉൽപ്പന്നങ്ങൾക്കുള്ള സ്പെഷ്യൽ റിബേറ്റായി 15 കോടി വകയിരുത്തുകയും 6 കോടി രൂപ റിലീസ് ചെയ്ത് നൽകുകയും ചെയ്തു. ബാക്കി തുകയായ 9 കോടി രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. റിബേറ്റ് കുടിശ്ശിക കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന ഖാദി തുണിത്തരങ്ങൾക്കു മാത്രമായി നിജപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ ഖാദി മേഖലയിൽ പ്രവർത്തിക്കുന്ന സൊസൈറ്റികൾക്കും തൊഴിലാളികൾക്കും ഇതര സ്ഥാപനങ്ങൾക്കുമായി സംസ്ഥാന സർക്കാർ എത്ര രൂപ കുടിശ്ശിക ഇനത്തിൽ വിതരണം ചെയ്യാനുണ്ട്; ഏതൊക്കെ ഇനത്തിലുള്ള കുടിശ്ശികയാണ് നല്കാനുള്ളത്; പ്രസ്തുത കുടിശ്ശിക തുക അടിയന്തരമായി വിതരണം ചെയ്ത് ഖാദി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | <u>ഇൻകം സപ്പോർട്ട് പദ്ധതി (മിനിമം വേതനം)</u><br><br>മിനിമം വേതനം ഇനത്തിൽ 2025മാർച്ച് മുതൽ ഇതുവരെ 2275 ലക്ഷം രൂപ കുടിശ്ശികയുണ്ട്.<br><br>ഖാദി മേഖലയിലെ തൊഴിലാളികൾക്ക് ഓരോ വർഷവും ഇൻകം സപ്പോർട്ട് പദ്ധതി പ്രകാരം അനുവദിക്കാൻ വേണ്ടി വരുന്ന തുക തൊഴിൽ വകുപ്പിൽ നിന്നാണ് അനുവദിക്കുന്നത്. 2025-26 സാമ്പത്തിക വർഷം 3900ലക്ഷം ബഡ്ജറ്റിൽ വകയിരുത്തുകയും ആദ്യഗഡുവായി 1950ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ആയതു ഉപയോഗിച്ച് 2025 ഫെബ്രുവരി വരെയുള്ള കുടിശ്ശിക തുക വിതരണം ചെയ്തിട്ടുണ്ട്.<br><br><u>പ്രൊഡക്ഷൻ ഇൻസെന്റീവ്</u><br><br>പ്രൊഡക്ഷൻ ഇൻസെന്റീവ് ഇനത്തിൽ ഒക്ടോബർ മുതൽ നാളിതുവരെ 395ലക്ഷം രൂപ കുടിശ്ശികയുണ്ട്. |

| | | | |
|---|---|---|---|
| | | | ഉത്പാദന ഇൻസെന്റീവ്/ ഉത്സവബത്ത ഇനത്തിൽ നടപ്പു സാമ്പത്തിക വർഷം 650ലക്ഷം ബഡ്ജറ്റിൽ വകയിരുത്തുകയും ആദ്യഗഡുവായി 227.5ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ആയതു ഉപയോഗിച്ച് 2025 ഓണം ഉത്സവബത്തയും 2024സെപ്റ്റംബർ വരെയുള്ള കുടിശ്ശിക തുകയും വിതരണം ചെയ്തിട്ടുണ്ട്.<br><br>ഖാദി മേഖലയിലെ തൊഴിലാളികൾക്ക് മറ്റു മേഖലയിലെ തൊഴിലാളികളെ അപേക്ഷിച്ച് കൂലി കുറവ് ആയതിനാൽ ടി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനായി മിനിമം വേതനം, ഇൻസെന്റീവ്, ഉത്സവബത്ത, ഹോളി ഡേ വേജസ്സ്, ഇ.എസ്.ഐ, ക്ഷേമനിധി ആനുകൂല്യങ്ങൾ എന്നിവ തൊഴിലാളി കൾക്ക് അനുവദിച്ച് സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ